# മലയാളഭാഷാനിയമം 2013

*(ഐക്യമലയാളപ്രസ്ഥാനം തയ്യാറാക്കിയ കരടുരേഖ)*

## 1. പീഠിക

മാതൃഭാഷയാണ് ഒരു ജനസമൂഹത്തിന്റെ ചരിത്രാനുഭവത്തിന്റെയും ആത്മാവബോധത്തിന്റെയും സംസ്കാരത്തിന്റെയും നാൾവഴിരേഖ. ഏറ്റവും അർഥപൂർണ്ണമായ ആശയവിനിമയവും വികാരവിനിമയവും സാധ്യമാക്കുന്ന മാതൃഭാഷയാണ് കുട്ടിയായിരിക്കുമ്പോൾമുതൽ മനുഷ്യനിൽ ഭാഷണശേഷിയും ഭാഷാശേഷിയും പഠനശേഷിയും സാമൂഹികശേഷിയും വളർത്തിയെടുക്കുന്നത്.

ആശയവിനിമയോപാധി മാത്രമല്ല മാതൃഭാഷ. ഒരു ജനതയുടെ സ്വത്വത്തിന്റെയും സംസ്കാരത്തിന്റെയും മുദ്രയും ജീവിതവ്യവഹാരത്തിന്റെയും ആത്മാവിഷ്കാരത്തിന്റെയും മുഖ്യോപാധിയും കൂടിയാണത്.

സാമൂഹികഭേദങ്ങൾക്കതീതമായി മനുഷ്യരെ ഒന്നായി ബന്ധിപ്പിക്കുന്ന ഏകഘടകം മാതൃഭാഷയാണ് എന്നതു തന്നെയാണ് മാതൃഭാഷാസംരക്ഷണവും പോഷണവും മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസവും ലോകമെമ്പാടുമുള്ള രാജ്യങ്ങൾ രാഷ്ട്രീയവും സാംസ്കാരികവുമായ ദൗത്യമായി നിർവഹിക്കുവാൻ കാരണവും. മാതൃഭാഷയോടുള്ള ഏതുതരം അവഗണനയും ഒരു ജനവിഭാഗത്തിന്റെ മനുഷ്യാവകാശത്തിന്റെ നിഷേധമായി വേണം പരിഗണിക്കേണ്ടത്.

മലയാളമാണ് കേരളീയരുടെ മാതൃഭാഷ. മതം, ജാതി, രാഷ്ട്രീയം, സാംസ്കാരിക വ്യത്യാസങ്ങൾ, സാമ്പത്തികവ്യത്യാസങ്ങൾ, വർഗ-വർണവ്യത്യാസങ്ങൾ തുടങ്ങിയവയൊന്നും അതിനു തടസ്സമാകരുത്.

മറ്റു ഭാഷകളും വിജ്ഞാനങ്ങളും പഠിക്കാൻ കുട്ടികളെ സഹായിക്കുന്നതും മാതൃഭാഷയിലുള്ള നൈപുണ്യമാണ് എന്നു തെളിയിക്കപ്പെട്ടിട്ടുണ്ട്. കേരളസംസ്ഥാനത്തിൽ, മാതൃഭാഷയുടെ പഠനത്തിലെയും, ഭരണ–നിയമതലങ്ങളിലെ അർഥപൂർണ്ണമായ അതിന്റെ ഉപയോഗത്തിലെയും സമഗ്രത, സാർവത്രികത, തുല്യത എന്നിവ ഫലപ്രദമായി ഉറപ്പു വരുത്തേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും മാതൃഭാഷ തുല്യ അളവിൽ പഠിക്കാൻ എല്ലാ വിദ്യാർഥികൾക്കും അവസരം നൽകണം. ഇത് വിദ്യാർഥിയുടെ അവകാശമായി കണക്കാക്കേണ്ടതുണ്ട്.

മാതൃഭാഷയുടെ ഔദ്യോഗികമായ ഉപയോഗത്തിന് എല്ലാ ഭാഷാസമൂഹത്തിനും അവകാശമുള്ളതിനാൽ കേരളീയർക്കും അതിന് അവകാശമുണ്ട്.

കേരളത്തിലെ വിദ്യാഭ്യാസപരവും ഭരണപരവും നിയമപരവുമായ എല്ലാ പ്രവർത്തനങ്ങൾക്കും, പൊതുവും സ്വകാര്യവുമായ രേഖകൾക്കും പ്രമാണങ്ങൾക്കും മലയാളം ഉപയോഗിക്കാൻ കേരളീയർക്ക് അവകാശമുണ്ട്.

ആദിദ്രാവിഡ ഭാഷയിൽ നിന്ന് മറ്റു ദക്ഷിണേന്ത്യൻ ഭാഷകളായ തമിഴിനും തെലുങ്കിനും കന്നഡയ്ക്കുമൊപ്പം തന്നെ സ്വതന്ത്രനിലയിലേക്ക് വളർന്ന പാരമ്പര്യവും ശ്രേഷ്ഠചരിത്രവും മലയാളത്തിന് സംശയലേശമെന്യേ അവകാശപ്പെട്ടതത്രേ. ''മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ! മർത്ത്യനു പെറ്റമ്മ തൻഭാഷ താൻ.'' എന്നെഴുതിയ കവികളുടെ മഹിതപാരമ്പര്യം മാതൃഭാഷയുടെ സംരക്ഷണത്തിനും പോഷണത്തിനും ഊന്നൽ നൽകുന്ന വ്യക്തമായ നയരൂപീകരണത്തിന്റെ ആവശ്യകതയിലേക്കാണ് കേരളീയരെ നയിക്കുന്നത്.

ആയതിനാൽ,

ഭാരതറിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനി പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു.

## 2. ചുരുക്കപ്പേരും ആരംഭവും വ്യാപ്തിയും

1) ഈ നിയമത്തിന്റെ പേര് **മലയാളഭാഷാനിയമം 2013** എന്നായിരിക്കും.

2) ഈ നിയമം കേരളസംസ്ഥാനത്താകെ ബാധകമായിരിക്കും.

3. **നിർവചനങ്ങൾ**

ഈ നിയമത്തിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം

1) അക്കാദമിക് ഇയർ എന്നാൽ ജൂൺ 1-)ം തീയതി ആരംഭിക്കുന്ന വിദ്യാഭ്യാസവർഷം എന്നർഥമാകുന്നു.

2) സർക്കാർ എന്നാൽ കേരളസംസ്ഥാനസർക്കാർ എന്നർഥമാകുന്നു

3) സ്കൂൾ എന്നാൽ

അ) വിദ്യാഭ്യാസപദ്ധതി/കോഴ്സ് വ്യത്യാസമില്ലാതെ കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യസവകുപ്പിന്റെയും പൊതുവിദ്യാഭ്യാസ ഡയറക്റ്ററേറ്റിന്റെയും കീഴിലുള്ള ലോവർപ്രൈമറി - അപ്പർപ്രൈമറി- ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ, വൊക്കേഷണൽഹയർസെക്കന്ററി സ്കൂൾ

ആ) തദ്ദേശസ്വയഭരണസ്ഥാപനങ്ങളുടെയോ മറ്റു സർക്കാർ സ്ഥാപന ങ്ങളുടെയൊ കീഴിലുള്ള അ) ൽ പറഞ്ഞ വിധമുള്ള എല്ലാ സ്കൂളുകളും

ഇ) കേരളസംസ്ഥാനത്തുള്ള എയിഡഡ് മേഖലയിലെ അ) ൽ പറഞ്ഞ വിധമുള്ള എല്ലാ സ്കൂളുകളും

ഈ) കേരളസംസ്ഥാനത്തിലെ അൺഎയിഡഡ് മേഖലയിലെ അ) ൽ പറഞ്ഞ വിധമുള്ള എല്ലാ സ്കൂളുകളും

ഉ) കേരളത്തിലെ ഏതു സ്വകാര്യവിദ്യാഭ്യാസ ഏജൻസി (ന്യൂനപക്ഷ സമുദായ/ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾ ഉൾപ്പെടെ) സ്ഥാപിച്ച് ഭരണഘടനയുടെ അനുച്ഛേദം 30 പ്രകാരം നടത്തിക്കൊണ്ടിരിക്കുന്നതും, സർക്കാരിൽ നിന്നോ ദേശീയവും വിദേശീയവുമായ മറ്റു സ്വകാര്യ സ്രോതസ്സുകളിൽനിന്നോ ഫണ്ട് സ്വീകരിച്ചുകൊണ്ടിരിക്കുന്നതുമായ അ) ൽ പറഞ്ഞ വിധമുള്ള എല്ലാ സ്കൂളുകളും

ഊ) അ മുതൽ ഉ വരെ സൂചിപ്പിച്ചതു പോലുള്ള ഇനി കേരളസംസ്ഥാനത്തു വരാനിരിക്കുന്ന സ്കൂളുകൾ

എന്ന് അർഥമാകുന്നു.

4) പ്രീപ്രൈമറി / നഴ്സറി / പ്ലേസ്ക്കൂൾ / അംഗൻവാടി സ്കൂൾ എന്നാൽ

ഒന്നാം ക്ലാസിൽ സ്കൂൾ വിദ്യാഭ്യാസം ആരംഭിക്കുന്നതിനു മുമ്പ് ബാലകരെ പരിപാലിക്കുന്നതിനും സാമൂഹികമായി സജ്ജരാക്കുന്നതിനും വേണ്ടിയുള്ള കേന്ദ്രങ്ങൾ.

5) ലോവർ പ്രൈമറി എന്നാൽ

ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകൾ

6) അപ്പർ പ്രൈമറി എന്നാൽ

അഞ്ചു മുതൽ ഏഴു വരെയുള്ള ക്ലാസുകൾ

7) ഹൈസ്കൂൾ എന്നാൽ

എട്ടു മുതൽ പത്തു വരെയുള്ള ക്ലാസുകൾ

8) ഹയർസെക്കന്ററി എന്നാൽ

പതിനൊന്നു മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസുകൾ

9) കോളേജ് എന്നാൽ

കേരളസംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതു സർവകലാശാലയുടെയും കീഴിൽ വരുന്ന സർക്കാർ-സർക്കാർ ഇതര കോളേജ്

10) കോടതി എന്നാൽ ,

കേരളസംസ്ഥാനത്തെ ഹൈക്കോടതിയ്ക്കു കീഴിൽ വരുന്ന ജില്ലാ/ സെഷൻസ്/കീഴ്ക്കോടതികൾ, ട്രൈബ്യൂണലുകൾ, കുടുംബകോടതികൾ

എന്ന് അർഥമാകുന്നു.

# അധ്യായം ഒന്ന്
# പഠനഭാഷ

## 4. മലയാളം മാധ്യമം

1) സംസ്ഥാനത്തെ എല്ലാ പ്രീപ്രൈമറി/നഴ്സറി/പ്ലേ/അംഗൻവാടി സ്കൂളുകളിലും ബോധന മാധ്യമം മാതൃഭാഷയായ മലയാളമായിരിക്കും.
2) എന്നാൽ തമിഴ്-കന്നഡ എന്നിവ മാതൃഭാഷകളായിട്ടുള്ള ന്യൂനപക്ഷഭാഷാ വിഭാഗങ്ങൾക്ക് നിലവിലുള്ള അവകാശം സംരക്ഷിക്കപ്പെടും

## 5. ഒന്നാംഭാഷ മലയാളം

1) കേരളസംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഒന്നാംക്ലാസ് മുതൽ പത്താം ക്ലാസ് വരെ മലയാളം നിർബന്ധ ഒന്നാം ഭാഷയായിരിക്കും
2) കേരളത്തിൽ കന്നഡ, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അതിനു പുറമെ മലയാളം കൂടി പഠിക്കാൻ സാഹചര്യം ഒരുക്കുന്നതാണ്. ഇക്കൂട്ടത്തിൽ പെട്ട കേരളത്തിൽ തന്നെ സ്ഥിരതാമസമാക്കിയവർക്കോ അങ്ങനെയാക്കാൻ ഉദ്ദേശിക്കുന്നവർക്കോ അവരുടെ ആവശ്യം അനുസരിച്ച്, മലയാള പഠനത്തിന് താല്പര്യമുണ്ടെങ്കിൽ, ആഴ്ചയിൽ കുറഞ്ഞത് മൂന്നു പീരീഡെങ്കിലും മലയാള ഭാഷാപഠനസൗകര്യം സ്ക്കൂളുകളിൽ ഒരുക്കുന്നതാണ്.
3) അറബി, സംസ്കൃതം ഓറിയന്റൽ സ്ക്കൂളുകളിലും ഒന്നാം ഭാഷ പാർട്ട് രണ്ടിൽ പഠിപ്പിക്കും. പാർട്ട് രണ്ടിൽ രണ്ടു പേപ്പറുകളായിരിക്കും പേപ്പർ ഒന്ന് അറബി/സംസ്കൃതം പേപ്പർ രണ്ട് മലയാളം.
4) എല്ലാ വിഭാഗം സ്കൂളുകളിലും ഒന്നാം ഭാഷ പാർട്ട് രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷ് ഘട്ടം ഘട്ടമായി ഒഴിവാക്കുന്നതാണ്. (ഗൾഫിലെയും ലക്ഷദ്വീപിലെയും സ്ക്കൂളുകളിൽ ഒഴിച്ച്)
5) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ /ഐ.സി.എസ്.ഇ മറ്റു ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്ക്കൂളുകളിലും മലയാളം നിർബന്ധ വിഷയമായി പഠിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്ക്കൂളുകൾക്ക് നൽകുന്ന അംഗീകാര സർട്ടിഫിക്കറ്റിൽ ഇതൊരു വ്യവസ്ഥയായി നിഷ്കർഷിക്കുന്നതാണ്.
6) ഫിഷറീസ് സ്ക്കൂളുകളിൽ പാർട്ട് ഒന്ന് വിഭാഗത്തിൽ മലയാളം ഒന്നാം ഭാഷയായി പഠിപ്പിക്കുന്നതാണ്.
7) ടെക്നിക്കൽ സ്ക്കൂളുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാദേശിക സാങ്കേതിക വിദ്യകളുടെ പഠനവും വികസനവും ആകയാൽ ബോധന-പഠന മാധ്യമം മലയാളം തന്നെയായിരിക്കണം. ഒന്നാം ഭാഷ എന്ന നിലയിൽ ആഴ്ചയിൽ അഞ്ചു പീരീഡുകളെങ്കിലും ഈ സ്കൂളുകളിൽ മലയാളം കൂടി പഠിപ്പിക്കുന്നതാണ്.
8) വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ നിലവിൽ ഇംഗ്ലീഷ് മാത്രമാണ് ഭാഷ എന്ന നിലയിൽ പഠിക്കാൻ അവസരമുള്ളത്. മാതൃഭാഷ എന്ന നിലയിൽ മലയാളം കൂടി പഠിക്കാനുള്ള അവസരം എല്ലാ സ്കൂളുകളിലും ഉണ്ടാക്കുന്നതാണ്.
9) ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ദേശീയ ഭാഷയായ ഹിന്ദി, മറ്റു ഭാഷകളായ അറബി, ഉറുദു, സംസ്കൃതം തുടങ്ങിയവയുടെയും പ്രാധാന്യം ഉൾക്കൊണ്ടു കൊണ്ടു തന്നെ മാതൃഭാഷ എന്ന നിലയിൽ മലയാളം കൂടി പഠിക്കാനുള്ള അവസരം എല്ലാ സ്കൂളുകളിലും ഉണ്ടാക്കുന്നതാണ്.
10) സംസ്ഥാനത്തിനു പുറത്തു നിന്നും ഇവിടുത്തെ വിദ്യാലയങ്ങളിൽ ചേരുന്ന കുട്ടികളും ഒന്നാം ഭാഷയായി മലയാളം തന്നെ പഠിക്കേണ്ടതാണ്. അവരെ മലയാളവുമായി ബന്ധപ്പെടുത്താനുതകുന്ന അടിസ്ഥാന പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി യും കരിക്കുലം കമ്മിറ്റിയും തയ്യാറാക്കുന്നതാണ്.

11) കേരളത്തിലെ കോളേജുകളിലെ ഏതു വിഷയത്തിലേയും ബിരുദതലത്തിലെ ഭാഷാവിഭാഗത്തിൽ ഒന്നാംഭാഷയായ മലയാളത്തിന്റെ രണ്ടു പേപ്പറുകൾ എല്ലാ വർഷവും/സെമസ്റ്ററുകളിലും പഠിപ്പിക്കുന്നതാണ്. അതായത് ബിരുദതലത്തിൽ ഒന്നംഭാഷയായി മലയാളവും പുറമേ ഇംഗ്ലീഷും തെരഞ്ഞെടുക്കുന്ന മറ്റൊരു (രണ്ടാം) ഭാഷയും ഉണ്ടാകും. അതായത് ബിരുദതലത്തിൽ ഒന്നാംഭാഷയായി മലയാളവും പുറമേ ഇംഗ്ലീഷും തെരഞ്ഞെടുക്കുന്ന മറ്റൊരു (രണ്ടാം) ഭാഷയും ഉണ്ടാകും.
12) കേരളത്തിലെ കോളേജുകളിൽ ഏതു വിഷയത്തിലെയും ബിരുദാനന്തരബിരുദ തലത്തിൽ മാതൃഭാഷയുടെ ഒരു പേപ്പറും കൂടി അടുത്ത അക്കാദമിക് വർഷം മുതൽ ഉൾപ്പെടുത്തുന്നതാണ്.
13) കേരളത്തിലെ പ്രൊഫഷണൽ (മെഡിക്കൽ, എഞ്ചിനീയറിംഗ്, ആയുർവേദം, ഹോമിയോ, നിയമം, കൃഷി തുടങ്ങിയ എല്ലാ കോഴ്സുകളിലെയും) കോളേജുകളിൽ എല്ലാ സെമെസ്റ്ററുകളിലും മാതൃഭാഷ കൂടി ഒരു പേപ്പറായി പഠിപ്പിക്കുന്നതാണ്.

## അദ്ധ്യായം രണ്ട്
## കോടതിഭാഷ

മലയാളഭാഷാനിയമത്തിലുൾപ്പെടുത്തി കേരളത്തിലെ കോടതികളിലെ ഭാഷയെ നിർവചിക്കുവാൻ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

### 6 വ്യവസ്ഥകൾ

1) കേരളസംസ്ഥാനത്തെ ഹൈക്കോടതിയ്ക്കു കീഴിൽ വരുന്ന എല്ലാ സിവിൽ കോടതികളിലും, എല്ലാ നടപടിക്രമങ്ങളും മലയാളത്തിലായിരിക്കും.

2) കേരളസംസ്ഥാനത്തെ ഹൈക്കോടതിയ്ക്കു കീഴിൽ വരുന്ന എല്ലാ ക്രിമിനൽ കോടതികളിലും, എല്ലാ നടപടിക്രമങ്ങളും മലയാളത്തിലായിരിക്കും.

3) കേരളസംസ്ഥാനത്തെ ഹൈക്കോടതിയ്ക്കു കീഴിൽ വരുന്ന എല്ലാ റവന്യൂ കോടതികളിലും, എല്ലാ നടപടിക്രമങ്ങളും മലയാളത്തിലായിരിക്കും.

4) കേരളസംസ്ഥാനത്തെ ഹൈക്കോടതിയ്ക്കു കീഴിൽ വരുന്ന മറ്റെല്ലാ കോടതികളിലും, എല്ലാ നടപടിക്രമങ്ങളും മലയാളത്തിലായിരിക്കും.

5) കേരളസംസ്ഥാന ഗവൺമന്റ് രൂപീകരിച്ചതും രൂപീകരിക്കുന്നതുമായ മറ്റെല്ലാ കോടതികളിലും ട്രൈബ്യൂണലുകളിലും എല്ലാ നടപടിക്രമങ്ങളും മലയാളത്തിലായിരിക്കും.

6) ഭാഷാന്യൂനപക്ഷങ്ങൾക്കു പ്രാമുഖ്യമുള്ളത് എന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ കോടതിനടപടികൾ പൂർണ്ണമായും മലയാളത്തിലാക്കുന്നത് അവിടത്തെ ജനങ്ങൾക്ക് പ്രാരംഭദശയിൽ ബുദ്ധിമുട്ടു സൃഷ്ടിച്ചേക്കാം എന്നതു കൊണ്ട് ആ പ്രദേശത്തെ കോടതികളിൽ മാത്രം നടപടിക്രമങ്ങൾ അതതു ഭാഷയിലോ ഇപ്പോൾ തുടരുന്ന പോലെ ഇംഗ്ലീഷിലോ ആകാവുന്നതാണ്. എന്നാൽ ആ നടപടികളുടെയെല്ലാം പകർപ്പ് മലയാളത്തിലും കൂടി തയ്യാറാക്കുന്നതാണ്. പത്തു വർഷം കവിയാത്ത കാലയളവിനുള്ളിൽ ഈ പ്രദേശങ്ങളിലെ കോടതികളെയും കൂടി കേരളത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടു വന്ന് സാർവത്രികത കൈവരിക്കാനുള്ള പരിശ്രമങ്ങൾ ആരംഭിക്കുന്നതാണ്.

# അധ്യായം മൂന്ന്
# ഭരണഭാഷ

മലയാളഭാഷാനിയമത്തിലുൾപ്പെടുത്തി കേരളത്തിലെ ഔദ്യോഗികഭരണഭാഷയെ നിർവചിക്കുവാൻ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

## 7 വ്യവസ്ഥകൾ

1) ഇന്ത്യൻഭരണഘടനയുടെ 346, 347 അനുച്ഛേദങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തെ ഔദ്യോഗികാവശ്യങ്ങൾ ഏതിനും എല്ലാറ്റിനും ഉപയോഗിക്കുന്ന ഭാഷ കേരളീയരുടെ മാതൃഭാഷയായ മലയാളമായിരിക്കും.

2) കേരളസംസ്ഥാനത്തിന്റെ നിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾ, ഭേദഗതികൾ, അംഗീകരിക്കപ്പെട്ട് നിർമ്മിക്കപ്പെടുന്ന നിയമങ്ങൾ, ഇന്ത്യൻ ഭരണഘടനയുടെ 213-)ം അനുച്ഛേദത്തിൻ കീഴിൽ വരുന്ന സംസ്ഥാനത്തിന്റെ ഓർഡിനൻസുകൾ, ഇന്ത്യൻ ഭരണഘടനയുടെയോ ഇന്ത്യൻ പാർലമെന്റ് അംഗീകരിച്ച ഏതു നിയമത്തിന്റെയോ കീഴിൽ വരുന്ന ഉത്തരവുകൾ, നിയമങ്ങൾ, വകുപ്പുകൾ ഉപവകുപ്പുകൾ എന്നിവയിലെയെല്ലാം ഭാഷ കേരളീയരുടെ മാതൃഭാഷയായ മലയാളമായിരിക്കും.

3) കേരളസംസ്ഥാനസർക്കാരിന്റെ എല്ലാ കാര്യാലയങ്ങളിലും സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങി എല്ലാ പ്രാദേശിക ഭരണഘടനാസംവിധാനങ്ങളിലും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്വയംഭരണസ്ഥാപനങ്ങളിലും, പൊതുമേഖലാസ്ഥാപനങ്ങളിലും, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും, സർവകലാശാലകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലും ഔദ്യോഗിക കത്തിടപാടുകൾക്കും ഉത്തരവുകൾക്കും, അറിയിപ്പുകൾക്കും ഔദ്യോഗികഭാഷ മാതൃഭാഷയായ മലയാളമായിരിക്കും.

4) എന്നാൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളുമായും അന്യസംസ്ഥാനങ്ങളുമായും സുപ്രീംകോടതി, ഹൈക്കോടതി എന്നീ നിയമനീതിപീഠസ്ഥാപനങ്ങളുമായുമുള്ള കത്തിടപാടുകൾക്കു മാത്രം നിലവിലുള്ളതു പോലെ ഇംഗ്ലീഷ് തുടരുന്നതാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ അവയുടെ മലയാളം പകർപ്പും കൂടി തയ്യാറാക്കി സൂക്ഷിക്കുന്നതാണ്.

5) സംസ്ഥാനത്ത് തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷങ്ങൾക്ക് കേരളസർക്കാരിന്റെ കീഴിലുള്ള ഏത് കാര്യാലയവുമായും അവരുടെ മാതൃഭാഷയിൽ കത്തിടപാടുകൾ നടത്താവുന്നതാണ്. ഭാഷാന്യൂനപക്ഷപ്രദേശങ്ങളെന്ന നിർവചിച്ചിട്ടുള്ള പ്രദേശങ്ങളിലെ കേരളസംസ്ഥാനസർക്കാർ കാര്യാലയങ്ങളിൽ നിന്ന് ഭാഷാന്യൂനപക്ഷവിഭഗത്തിൽപ്പെടുന്ന ജനവിഭാഗവുമായുള്ള കത്തിടപാടുകൾ അവരുടെഭാഷയിൽ നടത്തുന്നതാണ്. എന്നാൽ ആ നടപടികളുടെയെല്ലാം പകർപ്പ് മലയാളത്തിലും കൂടി തയ്യാറാക്കേണ്ടതാണ്. പത്തു വർഷം കവിയാത്ത കാലയളവിനുള്ളിൽ ഈ പ്രദേശങ്ങളെയും കൂടി കേരളത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടു വന്ന് സാർവത്രികത കൈവരിക്കാനുള്ള പരിശ്രമങ്ങൾ ആരംഭിക്കുന്നതാണ്.

# അധ്യായം നാല്
# നിയമസംസ്ഥാപനം
# ഘടനാനിർദ്ദേശങ്ങൾ

**8)** ഈ നിയമത്തിലെ അനുശാസനങ്ങൾ സംസ്ഥാനമൊട്ടാകെ ഫലപ്രദമായി നടപ്പാക്കുന്നതിനും മാതൃഭാഷാപോഷണവും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനുമായി താഴെപ്പറയുന്ന കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നു.

1) സംസ്ഥാനഭരണനിർവഹണ സെക്രട്ടറിയേറ്റിൽ മാതൃഭാഷയായ മലയാളത്തിനായി 'മലയാളഭാഷാവികസനവകുപ്പ്'' എന്നപേരിൽപുതിയഒരു വകുപ്പ് രൂപീകരിക്കുന്നതാണ്.
2) 4.10.1)ൽ പറഞ്ഞ മലയാളഭാഷാവികസനവകുപ്പിനു കീഴിൽ ഒരു മലയാളഭാഷാ വികസന ഡയറക്റ്ററേറ്റിനും *(നിദേശാലയത്തിനും)* രൂപം നൽകുന്നതാണ്. ഡയറക്റ്ററേറ്റിനു കീഴിൽ എല്ലാ ജില്ലകളിലും അനുബന്ധ ആഫീസുകളും (*കാര്യാലയങ്ങളും*) ഉണ്ടാവും.

**9) മലയാളഭാഷാവികസനവകുപ്പ്**

1) ഈ വകുപ്പ് നിലവിലുള്ള ഔദ്യോഗികഭാഷാവകുപ്പിനെ ബലപ്പെടുത്തിയും പുനർനാമകരണം ചെയ്തും ഉണ്ടാക്കുന്നതാണ്.
2) പൊതുവിദ്യാഭ്യാസവകുപ്പിലെ സ്പെഷ്യൽ സെൽ, നിയമവകുപ്പിലെയും ആഭ്യന്തരവകുപ്പിലെയും ഭാഷയുമായി ബന്ധപ്പെട്ട വിഭാഗങ്ങൾ, പൊതുഭരണവകുപ്പിലെ സർവീസസ് ഡി എന്നിവയെ ഈ പുതിയ വകുപ്പുമായി സംയോജിപ്പിക്കുന്നതാണ്.
3) വകുപ്പു സെക്രട്ടറിയുടെ ഭാഷാസംബന്ധിയായ മുഖ്യ ഉപദേശകൻ ഔദ്യോഗികഭാഷാവിദഗ്ധനായിരിക്കും.
4) ഈ വകുപ്പിന് ഏഴു വിഭാഗങ്ങൾ പ്രത്യേകമായി നിർദ്ദേശിക്കുന്നു.
   - അ) മാതൃഭാഷാപഠനവിഭാഗം
   - ആ) ഭരണഭാഷാവിഭാഗം
   - ഇ) നിയമ/കോടതിഭാഷാവിഭാഗം
   - ഈ) പരിഭാഷാവിഭാഗം
   - ഉ) പരിശീലനവിഭാഗം
   - ഊ) പ്രചാരണ-പ്രസിദ്ധീകരണ വിഭാഗം
   - ഋ) പരിശോധനാവിഭാഗം
5) ഈ വകുപ്പിന് സെക്രട്ടറിയേറ്റിലെ മറ്റു വകുപ്പുകൾക്കുള്ള ഘടന തന്നെയാണ് ഉണ്ടായിരിക്കുക
6) ഓരോ വിഭാഗവും അഡിഷണൽ സെക്രട്ടറി റാങ്കിലുള്ള ഒരോ ഉദ്യോഗസ്ഥന്റെ കീഴിലായിരിക്കും.
7) ഈ വിഭാഗങ്ങളിൽ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ, മലയാളഭാഷയിലും സാഹിത്യത്തിലുമുള്ള ബിരുദാനന്തരബിരുദമോ, എം.ഫിൽ/പി.എച്ച്.ഡി ബിരുദങ്ങളോ ബി.എഡ്/എം.എഡ് ബിരുദങ്ങളോ അധിക യോഗ്യതയായി കണക്കാക്കുന്നതും മുൻഗണനയ്ക്ക് അർഹമാക്കുന്നതുമാണ്.
8) നിയമ/കോടതിഭാഷാവിഭാഗത്തിലും പരിഭാഷാവിഭാഗത്തിലും സെക്രട്ടറിയേറ്റിലെ നിയമവകുപ്പിൽ നിന്നുള്ള അഡിഷണൽ സെക്രട്ടറിമാരായിരിക്കും ഉണ്ടാവുക.
9) പ്രചാരണ-പ്രസിദ്ധീകരണ വിഭാഗത്തിലേക്ക് ജേർണലിസം, വിഷ്വൽ മീഡിയ എന്നീ വിഷയങ്ങളിലെ ബിരുദനന്തരബിരുദം, എംഫിൽ, പി.എച്ച്.ഡി എന്നിവയിൽ ഏതെങ്കിലുമൊന്ന് മുൻഗണനയ്ക്കുള്ള അധികയോഗ്യതയായിരിക്കും.

10) **മലയാളഭാഷാ വികസനഡയറക്റ്ററേറ്റ് (നിദേശാലയം)**

ഈ നിയമത്തിലെ 4, 5, 7, 9 എന്നീ അനുശാസനങ്ങൾ സംസ്ഥാനമൊട്ടാകെ ഫലപ്രദമായി സംഘടിപ്പിച്ചു നടപ്പാക്കുന്നതിനും മാതൃഭാഷാ പോഷണവും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനുമുള്ള ഉത്തരവാദിത്തം മലയാളഭഷാവികസനനിദേശാലയത്തിൽ നിക്ഷിപ്തമാണ്.

അ) നിദേശാലയത്തിന്റെ സംസ്ഥാനമൊട്ടാകെയുള്ള ചുമതല നിദേശാധികാരി (ഡയറക്ടർ) ക്കായിരിക്കും. നിദേശാധികാരി, സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനായിരിക്കും.

ആ) നിദേശാലയത്തിനും 9.4 ൽ പറഞ്ഞ അ) മുതൽ ഋ) വരെയുള്ള 7 പ്രത്യേകവിഭാഗങ്ങൾ ഉണ്ടായിരിക്കും. ഇവയ്ക്കു പുറമേ നിദേശാലയത്തിൽ എട്ടാമതായി ഒരു ഏകോപന (കോ-ഓർഡിനേഷൻ)) വിഭാഗംകൂടി ഉണ്ടായിരിക്കുന്നതാണ്.

ഇ) ഓരോ വിഭാഗവും ഓരോ ഉപനിദേശാധികാരി (ഡെപ്യൂട്ടി ഡയറക്ടർ) യുടെ കീഴിലായിരിക്കും. ഉപനിദേശാധികാരി, അഡിഷണൽ സെക്രട്ടറി റാങ്കിലെ ഉദ്യോഗസ്ഥനായിരിക്കും.

ഉ) ഏകോപനവിഭാഗത്തിലെ ഡെപ്യൂട്ടിഡയറക്റ്റർ സെക്രട്ടറിയേറ്റിലെ ധനകാര്യവിഭാഗത്തിൽ നിന്നുള്ള അഡിഷണൽ സെക്രട്ടറിയായിരിക്കും.

ഊ) സംസ്ഥാന നിദേശാലയത്തിന് എല്ലാ ജില്ലകളിലും അനുബന്ധ കാര്യാലയങ്ങൾ ഉണ്ടായിരിക്കും. ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ജോയിന്റ് ഡയറക്ടർക്കായിരിക്കും ജില്ലാകാര്യാലയത്തിന്റെ ചുമതല.

14) **മലയാളഭാഷാ വികസനനിദേശാലയത്തിന്റെ ചുമതലകൾ**

1) ഈ നിയമത്തിലെ 4, 5, 6, 7 എന്നീ അനുച്ഛേദങ്ങളിലും അവയുടെ ഉപവകുപ്പുകളിലും അനുശാസിച്ചിട്ടുള്ള കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഏത് സംസ്ഥാന-കേന്ദ്ര ഗവണ്മെന്റുകളുടെ ആഫീസുമായും, സ്കൂൾ, കോളേജ് തുടങ്ങിയുള്ള ഏത് വിദ്യാഭ്യാസ സ്ഥാപനവുമായും, പൊതുമേഖലാസ്ഥാപനങ്ങളുമായും, ഇൻഷ്വറൻസ്/ബാങ്കിംഗ് സ്ഥാപനങ്ങളുമായും, സ്വകാര്യസ്ഥപനങ്ങളുമായും കേരള ഹൈക്കോടതിയ്ക്കു കീഴിലുള്ള ഏതു കോടതിയുമായും ഇവയുമായെല്ലാം ബന്ധപ്പെട്ട വകുപ്പുകളുമായും സർവകലാശാലകൾ ഉൾപ്പെടെയുള്ള മറ്റു സ്ഥാപനങ്ങളുമായും സഹകരിച്ചും സഹവർത്തിച്ചും കാലാകാലങ്ങളിൽ ഉചിതമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് നേതൃത്വം നൽകുക.

ഇനി നിദേശാലയത്തിന്റെ ഓരോ വിഭാഗത്തിന്റെയും ചുമതലകളെപ്പറ്റി പ്രത്യേകമായി പറയുന്നു

2) **<u>മാതൃഭാഷാപഠനവിഭാഗം</u>:-**

1) ഈ നിയമത്തിലെ അദ്ധ്യായം ഒന്നിലെ വകുപ്പുകൾ 4, 5 ലും ഉപവകുപ്പുകളിലും അനുശാസിച്ചിട്ടുള്ള പ്രകാരം സംസ്ഥാനത്തെ സ്കൂൾ/കോളേജ്/സർവകലാശാല/സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ മറ്റു പ്രൊഫഷണൽ കോളേജുകൾ എന്നിവയിലെല്ലാം മലയാളഭാഷാപഠനം ഫലപ്രദമായി നടക്കുന്നു എന്ന് ഉറപ്പു വരുത്തുകയും അതിനു വേണ്ട സംവിധാനക്രമങ്ങൾ ഒരുക്കി ക്കൊടുക്കുകയും ചെയ്യുക

2) വിദ്യാഭ്യാസത്തെ സംബന്ധിച്ച അക്കാദമിക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസും സർവകലാശാലയുമെല്ലാം ചേർന്ന് നയപരമായി തീരുമാനമെടുക്കുക

3) മാസത്തിലൊരിക്കൽ സംസ്ഥാന പൊതുവിദ്യാഭ്യാസവകുപ്പ്, അതിന്റെ ഡയറക്റ്ററേറ്റ്, ഹയർ സെക്കന്ററി ഡയക്റ്ററേറ്റ്, ഉന്നത വിദ്യാഭ്യാസവകുപ്പ്, അതിന്റെ ഡയറക്റ്ററേറ്റുകൾ, സാങ്കേതിക വിദ്യാഭ്യാസവകുപ്പ്, ഡയക്റ്ററേറ്റ് എന്നിവയുമായി ചേർന്ന് ഈ നിയമത്തിന്റെ സംസ്ഥാപന പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുകയും വകുപ്പിലേക്ക് അറിയിക്കുകയും ചെയ്യുക,

4) ആവശ്യത്തിനുള്ള പാഠപുസ്തകങ്ങളുടെ ലഭ്യത എസ്.സി.ഇ.ആർ.ടി മുഖേന ഉറപ്പു വരുത്തുക

5) നിയമസംസ്ഥാപനത്തെ പ്രതിയുള്ള കാര്യങ്ങളിൽ പരിശോധനാ വിഭാഗവുമായി സഹകരിച്ച് സംസ്ഥാനവ്യാപകമായി പരിശോധന നടത്തുക, പിഴവുകളുണ്ടെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ ആരായുക, അവ നിർദ്ദേശിക്കുക, വീഴ്ചകളുണ്ടെങ്കിൽ ശിക്ഷണനടപടികൾക്ക് ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിക്കുക

6) മാതൃഭാഷാ പഠനം സുഗമമാക്കാൻ ഉചിതമെന്നു തോന്നുന്ന എല്ലാ നടപടികളും യഥാസമയം അവലംബിക്കുക

3) **ഭരണഭാഷാവിഭാഗം**:–

1) ഈ നിയമത്തിലെ അദ്ധ്യായം മൂന്നിലെ 7)ം വകുപ്പിലും ഉപവകുപ്പുകളിലും അനുശാസിച്ചിട്ടുള്ള പ്രകാരം സംസ്ഥാനത്തെ ഔദ്യോഗികാവശ്യങ്ങൾ ഏതിനും എല്ലാറ്റിനും ഉപയോഗിക്കുന്ന ഭാഷ കേരളീയരുടെ മാതൃഭാഷയായ മലയാളമായിരിക്കുമെന്ന് ഉറപ്പു വരുത്തുക
2) ഭരണതലത്തിൽ പദപ്രയോഗങ്ങളുടെ ഐകരൂപ്യം സംസ്ഥാന മൊട്ടാകെ സാധ്യമാക്കുമാറ് ഭരണശബ്ദകോശം ഉണ്ടാക്കുക, അതിന് ഭാഷാവിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തുക
3) വിവിധവകുപ്പുകളിലുപയോഗിക്കുന്ന സാങ്കേതികപദങ്ങളുടെ വകുപ്പുതല പദകോശം ഉണ്ടാക്കുക, അതിന് ഭാഷാവിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തുക
4) മലയാള ലിപിമാനകീകരണപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുക
5) മലയാള ലിപികളുടെ ചന്തവും തനിമയും സമ്പൂർണ്ണമായി നിലനിർത്തിക്കൊണ്ട് പ്രയോഗത്തിലെ സുഗമതയും സരളതയും സാർവജനീനതയും ഉറപ്പു വരുത്തുന്ന ഫോണ്ടുകളും കമ്പ്യൂട്ടർ കീബോർഡും വികസിപ്പിച്ചെടുക്കുക, സ്വതന്ത്രസോഫ്റ്റ്വെയർ സംവിധാനങ്ങളിൽ അവയുടെ ഫലപ്രദമായ ഉപയോഗസാദ്ധ്യതകൾ ആരായുക
6) പരിശീലന വിഭാഗവുമായി സഹകരിച്ച് സംസ്ഥാനത്തെ സർക്കാർ/അർദ്ധസർക്കാർ/ സ്വയംഭരണ/പ്രാദേശിക ഭരണ മേഖലകളിലെ ഉദ്യോഗസ്ഥന്മാർക്ക് ഭരണഭാഷാപരിശീലനവും മലയാളം കംപ്യൂട്ടിംഗ് പരിശീലനവും നൽകുക
7) നിയമസംസ്ഥാപനത്തെ പ്രതിയുള്ള കാര്യങ്ങളിൽ പരിശോധനാ വിഭാഗവുമായി സഹകരിച്ച് സംസ്ഥാനവ്യാപകമായി പരിശോധന നടത്തുക, പിഴവുകളുണ്ടെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ ആരായുക, അവ നിർദ്ദേശിക്കുക, വീഴ്ചകളുണ്ടെങ്കിൽ ശിക്ഷണനടപടികൾക്ക് ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിക്കുക
8) ഭരണഭാഷാപുരസ്കാരങ്ങൾ ഏർപ്പെടുത്തുക

9) ഔദ്യോഗികഭരണ ഭാഷയുമായി ബന്ധപ്പെട്ട് ഉചിതമെന്നു തോന്നുന്ന എല്ലാ നടപടികളും യഥാസമയം അവലംബിക്കുക

**4) നിയമ/കോടതിഭാഷാവിഭാഗം:-**

1) ഈ നിയമത്തിലെ അദ്ധ്യായം രണ്ടിലെ 6)ാംവകുപ്പിലും ഉപവകുപ്പു കളിലും അനുശാസിച്ചിട്ടുള്ള പ്രകാരം സംസ്ഥാനത്തെ നിയമഭാഷയും കോടതിഭാഷയും മാതൃഭാഷയായ മലയാളമാക്കാൻ പര്യാപ്തമായ എല്ലാ നടപടികളും സമയബന്ധിതമായി ഏറ്റെടുക്കുക

2)നിയമശബ്ദാവലിയുടെ നിർമാണം, പരിഷ്കരണം, മലയാളത്തിലുള്ള നിയമ ജേണലിന്റെ പ്രസിദ്ധീകരണം എന്നിവയ്ക്ക് പ്രസിദ്ധീകരണവിഭാഗവുമായി സഹകരിച്ച് ഫലപ്രദമായ നടപടികൾ എടുക്കുക

3) പരിശീലനവിഭാഗവുമായി സഹകരിച്ച് കമ്പ്യൂട്ടറിൽ മലയാളം ഉപയോഗിക്കുന്നതിനുള്ള പരിശീലനം, പരിഭാഷാ വിഭാഗവുമായി സഹകരിച്ച് വിധിന്യായങ്ങളുടെയും നിയമങ്ങളുടെയും മറ്റും വിവർത്തനം തുടങ്ങിയുള്ള ജോലികൾ സമയബന്ധിതമായി നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുക

4) നിയമസംസ്ഥാപനത്തെ പ്രതിയുള്ള കാര്യങ്ങളിൽ പരിശോധനാ വിഭാഗവുമായി സഹകരിച്ച് സംസ്ഥാനവ്യാപകമായി പരിശോധന നടത്തുക, പിഴവുകളുണ്ടെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ ആരായുക, അവ നിർദ്ദേശിക്കുക, വീഴ്ചക ളുണ്ടെങ്കിൽ ശിക്ഷണനടപടികൾക്ക് ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിക്കുക

5) നിയമ/കോടതിഭാഷയുമായി ബന്ധപ്പെട്ട് ഉചിതമെന്നു തോന്നുന്ന എല്ലാ നടപടികളും യഥാസമയം അവലംബിക്കുക

**5) പരിശീലനവിഭാഗം:-**

1) മലയാളഭാഷാവികസനനിദേശാലയത്തിലെ മാതൃഭാഷാപഠനം, ഭരണഭാഷ, നിയമ/കോടതിഭാഷ എന്നി വിഭാഗങ്ങൾക്കും ഗവണ്മെന്റിന്റെ ഭാഷാപോഷണവുമായി ബന്ധപ്പെട്ടുള്ള ഏതു പ്രവർത്തനപരിപാടികൾക്കും ആവശ്യമായ പരിശീലനക്കളരികളും ക്ലാസ്സുകളും സംഘടിപ്പിക്കുക,

2) ഇത്തരം ക്ലാസുകൾ എടുക്കാൻ സർവഥാ യോഗ്യരായ അദ്ധ്യാപകരുടെയും പരിശീലകരുടെയും പട്ടിക യഥാസമയം സംസ്ഥാന-ജില്ലാതലങ്ങളിൽ ഉണ്ടാക്കുക

3) പരിശീലനത്തിനു വേണ്ട പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും വിദഗ്ധരുൾപ്പെടുന്ന ശില്പശാലയിലൂടെ തയ്യാറാക്കുക

4)കേരളസംസ്ഥാനത്തിനുള്ളിൽ പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ ആഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇൻഷ്വറൻസ്/ ബാങ്കിംഗ് സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, എന്നിവയിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ആവശ്യമെങ്കിൽ മാതൃഭാഷാ പരിശീലനക്ലാസുകളും കളരികളും സംഘടിപ്പിക്കുക

5) ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കും പ്രദേശികഭരണ സംവിധാനങ്ങളുമായി ആലോചിച്ച് പരിശീലനപരമ്പരകൾ സംഘടിപ്പിക്കുക

**6) പരിഭാഷാവിഭാഗം:-**

1) മലയാളഭാഷാവികസനനിദേശാലയത്തിലെ മാതൃഭാഷാപഠനം, ഭരണഭാഷ നിയമ/കോടതിഭാഷ എന്നീ വിഭാഗങ്ങൾക്ക് ആവശ്യമായ വിധത്തിൽ സംസ്ഥാനസർക്കാരിന്റെ ഉത്തരവുകളും, നിയമസംഹിതകളും മറ്റും ആവശ്യമായിവരുന്ന മറ്റുഭാഷകളിലേക്കും കേന്ദ്രസർക്കാരിന്റെ ഉത്തരവുകളും മറ്റും തിരിച്ചും പരിഭാഷപ്പെടുത്തുക
2) പ്രസിദ്ധീകരണവിഭാഗത്തിനാവശ്യമായി വരുന്ന പരിഭാഷാ ജോലികൾ നിർവഹിച്ചു നൽകുക
3) സംസ്ഥാനസർക്കാരിന്റെ മറ്റു പരിഭാഷാജോലികൾ ഏറ്റെടുത്ത് ഫലപ്രദമായി നിർവഹിക്കുക

**7) പ്രചാരണ-പ്രസിദ്ധീകരണ വിഭാഗം:-**

1) സംസ്ഥാന സർക്കാരിന്റെ എല്ലാ ഉത്തരവുകളും കേരളനിയമസഭ അംഗീകരിച്ചതും, ഇനി അംഗീകരിക്കുന്നതുമായ എല്ലാ ഓർഡിനൻസുകളും നിയമങ്ങളും ഔദ്യോഗികഭാഷയിലും ആവശ്യമെങ്കിൽ മറ്റു ഭാഷകളിലും (പരിഭാഷാവിഭാഗത്തിന്റെ സഹായത്തോടെ) പ്രസിദ്ധീകരിക്കുക
2) ഭരണതലത്തിൽ പദപ്രയോഗങ്ങളുടെ ഐകരൂപ്യം സംസ്ഥാനമൊട്ടാകെ സാധ്യമാക്കുമാറ് ഭരണശബ്ദകോശം, വകുപ്പുതല പദകോശം എന്നിവ പ്രസിദ്ധീകരിക്കുക
3) ഭരണതലത്തിൽ മാതൃഭാഷയുടെ സമഗ്രമായ വ്യാപ്തിയ്ക്കും പുരോഗതിയ്ക്കും വേണ്ട പ്രസിദ്ധീകരണങ്ങൾ, മാനുവലുകൾ, ആനുകാലിക ബുള്ളറ്റിനുകൾ/മാസികകൾ എന്നിവ പ്രസിദ്ധീകരിക്കുക
4) നിയമശബ്ദാവലി, നിയമജേർണൽ എന്നിവ പ്രസിദ്ധീകരിക്കുക, പരിശീലനവിഭാഗത്തിന്റെ ആവശ്യത്തിലേക്കുള്ള എല്ലാ പാഠപുസ്തകങ്ങളും പ്രസിദ്ധീകരിക്കുക
5) മാതൃഭാഷയുടെ പോഷണത്തിനും സംരക്ഷണത്തിനും വേണ്ട പ്രചാരണം എല്ലാ പ്രചാരണമാധ്യമങ്ങളുടേയും സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി യഥാസമയം ഫലപ്രദമായി ചെയ്യുക

**8) പരിശോധനാ വിഭാഗം:-**

1) ഈ നിയമത്തിന്റെ ഫലപ്രദമായ സംസ്ഥാപനത്തിനായി സംസ്ഥാനത്തെ ഏത് ആഫീസിലും, വിദ്യാഭ്യാസ സ്ഥാപനത്തിലും ബന്ധപ്പെട്ട വിഭാഗങ്ങളുടെ ആവശ്യപ്രകാരവും അല്ലാതെയും മുൻകൂട്ടി അറിയിച്ചും അല്ലാതെയും പരിശോധന നടത്തുക,
2) പിഴവുകളുണ്ടെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, വീഴ്ചകളുണ്ടെങ്കിൽ ശിക്ഷണനടപടികൾക്ക് ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിക്കുക
3) മികവുറ്റ പ്രവർത്തനങ്ങളെ സമുചിതമായി അഭിനന്ദിക്കാനുള്ള നടപടികൾ സ്വീകരിക്കുക

**9) ഏകോപന വിഭാഗം:-**

1) നിദേശാലയത്തിലെ ഭരണവും ജീവനക്കാര്യവും കൈകാര്യം ചെയ്യുക
2) ഡയക്റ്ററേറ്റിലെ മറ്റു വിഭാഗങ്ങളെയെല്ലാം ഏകോപിപ്പിച്ച് പ്രവർത്തിക്കുക

3) സംസ്ഥാനത്തെ കേന്ദ്ര സർക്കാർ കര്യാലയങ്ങളുമായും, പൊതുമേഖലാസ്ഥാപനങ്ങളുമായും ബാങ്കിംഗ്/ ഇൻഷ്വറൻസ് സ്ഥാപനങ്ങളുമായും സ്വകാര്യസ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് അവിടങ്ങളിലും മാതൃഭാഷയുടെ ഫലപ്രദമായ ഉപയോഗം ജനോപകാരപ്രദമായി നിർവഹിക്കുക

4) കമ്പ്യൂട്ടർ/വിവരസാങ്കേതിക മേഖലയിൽ മലയാളം ഫലപ്രദമായി ഉപയോഗപ്പെടുത്തുമാറ് പഠനഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക

**15) ഉന്നതാധികാര സമിതി**

സംസ്ഥാനത്ത് ഈ സമഗ്രമലയാളനിയമം ഫലപ്രദമായി നടപ്പാക്കുന്നതുറപ്പു വരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനും ഒരു **ഉന്നതാധികാര സമിതി** ഉണ്ടായിരിക്കുന്നതാണ്. സമിതിയുടെ കാലാവധി അഞ്ചു വർഷമായിരിക്കും. ഈ സമിതിക്ക് യഥാസമയം സർക്കാർ നിശ്ചയിക്കുന്ന പദവിയും അധികാരവും ഉണ്ടായിരിക്കും.

താഴെപ്പറയുന്ന **25 അംഗങ്ങൾ** ചേർന്നതായിരിക്കും ഉന്നതാധികാരസമിതി.

1. കേരളാമുഖ്യമന്ത്രി *(അദ്ധ്യക്ഷൻ)*
2. സംസ്ഥാന വിദ്യാഭ്യാസവകുപ്പുമന്ത്രി *(ഉപാദ്ധ്യക്ഷൻ)*
3. സംസ്ഥാനനിയമവകുപ്പു മന്ത്രി
4. സംസ്ഥാന സാംസ്കാരികവകുപ്പുമന്ത്രി
5. കേരളാനിയമസഭ നിർദ്ദേശിക്കുന്ന രണ്ടു നിയമസഭാംഗങ്ങൾ (ഭരണ-പ്രതിപക്ഷ കക്ഷികളിൽ നിന്ന് ഓരോ ആൾ)
6. നിയമവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി
7. മലയാളഭാഷാവികസനവകുപ്പ് സെക്രട്ടറി
8. പൊതുവിദ്യാഭ്യാസവകുപ്പു സെക്രട്ടറി
9. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്റ്റർ
10. ഔദ്യോഗികഭാഷാനിയമനിർമ്മാണകമ്മിഷന്റെ അധ്യക്ഷൻ
11. സർവവിജ്ഞാനകോശം ഡയറക്റ്റർ
12. സംസ്ഥാനമന്ത്രിസഭയുടെ അഡ്വക്കേറ്റ് ജനറൽ
13. സംസ്ഥാനത്തെ ഔദ്യോഗിക ഭാഷാവിദഗ്ധൻ
14. മലയാളസർവകലാശാലയുടെ വൈസ് ചാൻസലർ നിർദ്ദേശിക്കുന്ന ഒരു പ്രതിനിധി
15. കേരളസാഹിത്യ അക്കാഡമി പ്രസിഡന്റ്
16. സംസ്ഥാന ലൈബ്രറി കൗൺസിൽ പ്രസിഡന്റ്
17. സർക്കാർ നിർദ്ദേശിക്കുന്ന **ഏഴ്** അംഗങ്ങൾ *(ഈ അംഗങ്ങളിൽ അംഗീകൃത സാഹിത്യകാരന്മാരും, മാതൃഭാഷാ പ്രേമികളും ആ രംഗത്ത് പ്രഗത്ഭരും പ്രവർത്തനപരിചയമുള്ളവരും ഉൾപ്പെടണം)*
18. സംസ്ഥാനത്തെ മലയാളഭാഷാമുഖ്യനിദേശകൻ (*സമിതിയുടെ മുഖ്യകാര്യദർശി*)

**16)** ഉചിതമെന്ന തോന്നുന്ന അവസരങ്ങളിൽ പൊതുവായതോ വിശേഷാലുള്ളതോ ആയ ഉത്തരവുകൾ വഴി സർക്കാരിന് ഈ നിയമത്തിൽ പറഞ്ഞിട്ടുള്ള വകുപ്പുകൾ തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ ഒഴിവാക്കുകയോ ചെയ്യാനുള്ള അധികാരമുണ്ടായിരിക്കും.

**17)** അങ്ങനെ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ നിർദ്ദേശിക്കപ്പെടുമ്പോൾ നിയമസഭയിൽ സമർപ്പിക്കുന്നതിനു മുമ്പ് അവയ്ക്ക് ഉന്നതാധികാരസമിതിയുടെ മൂന്നിൽ രണ്ടു ഭൂരിപക്ഷഅംഗീകാരം (ഇരുപത്തഞ്ചിൽ പതിനേഴ്) തേടേണ്ടതാണ്.

**18)** സംസ്ഥാനത്തിന്റെ പൊതുതാൽപര്യം പരിഗണിച്ചും മാതൃഭാഷയുടെ പുരോഗതി ലക്ഷ്യമാക്കിയും സർവോപരി വിദ്യാഭ്യാസത്തിന്റെ നിലവാരം പ്രത്യാനയനം ചെയ്യാനുദ്ദേശിച്ചും സാർവലൗകികമായി വികസിച്ചു വരുന്ന മാതൃഭാഷാ പ്രാധാന്യം അതിന്റെ എല്ലാ അർഥതലങ്ങളിലും പൂർണമായി ഉൾക്കൊണ്ടും ഉത്തമവിശ്വാസത്തിലും നല്ല ഉദ്ദേശത്തിലും തയ്യാറാക്കപ്പെട്ടിരിക്കുന്ന ഈ നിയമമോ ഇതിലെ വകുപ്പുകളോ ഉപവകുപ്പുകളോ നിക്ഷിപ്ത താൽപര്യങ്ങൾക്കധിഷ്ഠിതമായ കേവല സാങ്കേതിക നിയമനടപടികൾ കൊണ്ട് തടസ്സപ്പെടുത്താവുന്നതല്ല.

**19)** ഹൈക്കോടതിയ്ക്കു കീഴിലുള്ള ഒരു കോടതിയ്ക്കും ഈ നിയമത്തിന്മേലുള്ള വിചാരണാധികാരം ഉണ്ടായിരിക്കുന്നതല്ല

**20)** ഈ നിയമപ്രകാരം പുറപ്പെടുവിക്കുന്ന എതൊരു വിജ്ഞാപനവും അതു പുറപ്പെടുവിച്ചതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭായോഗം ചേർന്നിരിക്കുമ്പോൾ അതിനു മുൻപാകെ – ആകെ പതിന്നാലു ദിവസത്തേക്ക്. അങ്ങനെയുള്ള കാലം ഒരേ സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാം – വയ്ക്കേണ്ടതും അപ്രകാരം അതു വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭാവിജ്ഞാപനത്തിനു വല്ല ഭേദഗതിയും വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്നു തീരുമാനിക്കുകയോ ചെയ്താൽ വിജ്ഞാപനത്തിന് അതിനു ശേഷം അതതു സംഗതിപോലെ അങ്ങനെ ഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതാണ്. എന്നിരുന്നാലും അങ്ങനെ എതെങ്കിലും വിധത്തിൽ ഭേദഗതി വരുത്തുന്നത് ആ വിജ്ഞാപനപ്രകാരം നേരത്തേ ചെയ്ത യാതൊന്നിന്റേയും സാധുതയ്ക്ക് ദൂഷ്യം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

**21)** ഈ നിയമം നടപ്പാക്കാൻ എന്തെങ്കിലും വൈഷമ്യങ്ങൾ നേരിടുന്നപക്ഷം സർക്കാർ അതിനു പരിഹാരം കണ്ടെത്തുന്നതാണ്.

ഐക്യമലയാളപ്രസ്ഥാനം